നം.എൻ.എം(1)/78251/2015/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി: 11/11/2015.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

വിദ്യാഭ്യാസ ഉപഡയറക്ടർ,
..............................

സർ,

**വിഷയം:-** പൊതുവിദ്യാഭ്യാസം - ഉച്ചഭക്ഷണപദ്ധതി - ഉച്ചഭക്ഷണപദ്ധതിയുമായി ബന്ധപ്പെട്ട് കാലിച്ചാക്ക് വില്പനയിലൂടെ ലഭിക്കുന്ന തുക ട്രഷറിയിൽ ഒടുക്കുന്നത് സംബന്ധിച്ച്.

**സൂചന:-** 24/07/2015 തീയതിയിൽ ചേർന്ന ഉച്ചഭക്ഷണപരിപാടിയുടെ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയോഗ തീരുമാനം.

സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധപ്പെട്ടുള്ള കാലിച്ചാക്ക് അതാത് സ്കൂൾ പ്രഥമ അധ്യാപകർ ലേലം നടത്തി പ്രസ്തുത തുകയുടെ വിൽപ്പന നികുതി ട്രഷറിയിൽ ഒടുക്കി ബാക്കിവരുന്ന തുക അടുത്ത മാസത്തെ ഉച്ചഭക്ഷണപദ്ധതിക്ക് അനുവദിക്കുന്ന കണ്ടിജന്റ് ചാർജിൽ ഉൾപ്പെടുത്തി ഉപയോഗിച്ചു വരുന്നു.

കാലിച്ചാക്ക് വിൽപ്പന ഇനത്തിൽ ലഭിക്കുന്ന തുക സ്കൂളുകളിൽ നിന്നും ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശേഖരിച്ച് ആയതിന്റെ സെയിൽസ് ടാക്സ് വിഹിതം ഉൾപ്പെടെ ബന്ധപ്പെട്ട ട്രഷറികളിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നേരിട്ട് അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സൂചനയിൽ ചേർന്ന സ്കൂൾ ഉച്ചഭക്ഷണപദ്ധതിയുടെ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി തീരുമാനമായിരിക്കുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി കാലിച്ചാക്ക് വിൽപ്പന ഇനത്തിൽ ലഭിക്കുന്ന തുക സ്കൂളുകളിൽ നിന്നും ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ശേഖരിച്ചു ആയതിന്റെ TR 5 രസീത് സ്കൂൾ പ്രഥമ അധ്യാപകർക്ക് നൽകുകയും പ്രസ്തുത തുകയുടെ സെയിൽ ടാക്സ് വിഹിതം ഉൾപ്പെടെയുള്ള തുക ബന്ധപ്പെട്ട ട്രഷറികളിൽ ഉപജില്ലാവിദ്യാഭ്യാസ ഓഫീസിൽ നിന്നും നേരിട്ട് 0202-01-102-92-other receipts എന്ന റവന്യു ശീർഷകത്തിൽ അടച്ച് ആയതിന്റെ രസീത് ബന്ധപ്പെട്ട ഉപജില്ലാവിദ്യാഭ്യാസ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. ഇതിനായി ഉപജില്ലാവിദ്യാഭ്യാസ ഓഫീസിലെ ഓഫീസ് അറ്റന്ററിന്റെ സേവനം ഉപയോഗിക്കാവുന്നതാണ്.

വിശ്വസ്തതയോടെ

സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (നൂൺമീൽ)

പകർപ്പ്:-

1. ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ
2. നൂൺമീൽ സൂപ്പർവൈസർ
3. നൂൺമീൽ ഓഫീസർ
4. പ്രഥമാധ്യാപകർ

} വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന